പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 20.03.2015 – ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നമ്പർ: 265

## കയർ മേഖല ആഭ്യന്തര വിപണി സാദ്ധ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ. വാഹിദ്<br>,, എ.റ്റി.ജോർജ്<br>,, അൻവർ സാദത്ത്<br>,, വി.പി.സജീന്ദ്രൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) കയർ മേഖലയിലെ ആഭ്യന്തര വിപണിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | എ) കയറുല്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഇന്ത്യയിൽ ഏജൻസി ഷോറൂമുകൾ ഉൾപ്പെടെ ഷോറും വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലുള്ള ഷോറൂമുകൾ പുനരുജ്ജീവിപ്പിക്കുന്ന തിനും നടപടികൾ സ്വീകരിച്ചുവരുന്നു. 'കയർകേരള' പോലുള്ള എക്സിബിഷനുകൾ സംഘടിപ്പിച്ചും പങ്കെടുത്തും, 'ഒരു വീട്ടിൽ ഒരു കയറുല്പന്നം' പോലുള്ള പരസ്യങ്ങൾ നല്കിയും വൈവിധ്യവൽക്കരണത്തിലൂടെ പുതിയ ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ചും ആഭ്യന്തര വിപണനം ശക്തമാക്കുകയാണ്. കയറുൽപന്നങ്ങളുടെ ആഭ്യന്തരവിപണനം വർദ്ധിപ്പിക്കുവാൻ കയർഫെഡ് പുതിയ ഏജൻസി ഷോറൂമുകൾ തുറക്കുകയും എക്സിബിഷനുകളിൽ പങ്കെടുക്കു കയും ചെയ്തിട്ടുണ്ട്. കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയും ഇത്തരത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കയർ പൊതു മേഖലാ സ്ഥാപനങ്ങളുടെയും കയർ സഹകരണ സംഘങ്ങളുടെയും ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തിന് വേണ്ടി എൻ.സി.ആർ. എം,ഐ യിൽ ഒരു Marketing Research Division ആരംഭിക്കുന്നതിനുള്ള അംഗീകാരം നൽകിയി ട്ടുണ്ട്. |
| ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കയറുൽപാദകർക്കും വ്യാപാരികൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; | ബി) എക്സിബിഷനുകളിൽ പങ്കെടുക്കുന്ന കയർ മേഖലയിലെ ഉൽപ്പാദകർക്ക് സൗജന്യ നിരക്കിലോ സബ്സിഡി നിരക്കിലോ സ്റ്റാളുകൾ നൽകുന്നു. ബയർ -സെല്ലർ മീറ്റുകളും 'ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം' എന്ന പരസ്യവും സർക്കാർ ചെലവിലാണ് നൽകുന്നത്. |
| സി) എത്ര കോടി രൂപയുടെ ആഭ്യന്തര വിപണി കണ്ടെത്താനാണ് ലക്ഷ്യ മിട്ടിട്ടുള്ളത്; വിശദമാക്കുമോ? | സി) 2015-16 വർഷ കാലയളവിൽ ആഭ്യന്തര വിപണിയിൽ ഏകദേശം 3000 കോടി രൂപയുടെ വിപണി കണ്ടെത്താനാണ് ലക്ഷ്യമിട്ടിരിക്കു ന്നത്. |

സെക്ഷൻ ഓഫീസർ